(ബി) 2010-ൽ അബ്കാരി നിയമപ്രകാരം കോഴിക്കോട് ജില്ലയിൽ പിടികൂടിയ വാഹനങ്ങൾ ഒന്നുംതന്നെ ലേലം ചെയ്തിട്ടില്ല. നടപടി സ്വീകരിച്ചുവരുന്നതേയുള്ളൂ.

(സി) ലേലം ചെയ്തിട്ടുണ്ട്. ലേല തീയതി 25-5-2010. ലേലം കൊണ്ടയാളായ ശ്രീ. ഷഹരിയാർ, S/o. ഉസ്മാൻ, വടവിൽ ഹൗസ്, ടെമ്പിൾ ഗേറ്റ്, തലശ്ശേരി എന്നയാൾക്കാണ് വാഹനം വിട്ടുകൊടുത്തിട്ടുള്ളത്. ഉത്തരം (എ) പ്രകാരം സൂചിപ്പിച്ചിട്ടുള്ള ചട്ടത്തിലെ നടപടിക്രമങ്ങൾ പാലിച്ചാണ് വാഹനം വിട്ടുകൊടുത്തത്.

(ഡി) 3-5-2010-ന്റെ അപ്പീൽ അപേക്ഷ ലഭിച്ചിട്ടുള്ളതും എന്നാൽ ചട്ടപ്രകാരമുള്ള സമയപരിധി കഴിഞ്ഞതിനാൽ അപേക്ഷ നിരസിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

ചിറയിൻകീഴ് എക്സൈസ് റെയ്ഞ്ചിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്യുന്നതിന് നടപടി

87 (5492) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൽകീഴ് എക്സൈസ് റെയ്ഞ്ചിൻകീഴിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങളും അനുബന്ധ ഉപകരണങ്ങളും ലേലം ചെയ്തു കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കുമോ ;

(ബി) പിടിച്ചെടുത്ത വാഹനങ്ങളുടെ എണ്ണം പ്രസ്തുത ഓഫീസിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാൽ ലേലം ചെയ്യുന്ന നടപടി വേഗത്തിലാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തീരുമാനമെടുത്തിട്ടുണ്ട്. ചിറയിൻകീഴ് എക്സൈസ് റെയ്ഞ്ചിൽ പിടിച്ചെടുത്ത വാഹനങ്ങളിൽ 4 എണ്ണം മാത്രമേ ഇനി ലേലം ചെയ്യാനായി അവശേഷിക്കുന്നുള്ളൂ. ടി 4 എണ്ണത്തിൽ ഒരു വാഹനത്തിന്റെ ലേല നടപടി ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതും ബാക്കിയുള്ളവ സർക്കാരിലേയ്ക്ക് കണ്ടുകെട്ടി ലേല വില്പന നടത്തുന്നതിനുള്ള നിയമാനുസരണ നടപടി നടന്നു വരുന്നു. കൂടാതെ തിരുവനന്തപുരം ഡിവിഷനിലെ അമരവിള, നെയ്യാറ്റിൻകര, തിരുവനന്തപുരം എന്നീ റേഞ്ചുകളിലെ കേസ്സുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത 9 വാഹനങ്ങൾ ടി ആഫീസുകളിലെ സ്ഥലപരിമിതിമൂലം ചിറയിൻകീഴ് ആഫീസ് കോമ്പൗണ്ടിൽ സൂക്ഷിച്ചുവരുന്നു. ഇവയും സർക്കാരിലേയ്ക്ക് കണ്ടുകെട്ടി ലേലവിൽപ്പന ചെയ്യുന്നതിനുള്ള നടപടി ദ്രുതഗതിയിൽ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പിടിച്ചെടുത്ത വാഹനങ്ങൾ കാലതാമസം കൂടാതെതന്നെ സർക്കാരിലേക്ക് കണ്ടുകെട്ടി ലേലവിൽപ്പന ചെയ്യുന്നതിനുള്ള സമയബന്ധിത നടപടികൾ സ്വീകരിച്ചുവരുന്നു. രാസപരിശോധനാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ടി പ്രത്യേക അപേക്ഷ ചീഫ് കെമിക്കൽ എക്സാമിനർക്ക് നൽകിയും, ഇന്റർനെറ്റ് സംവിധാനം ഉപയോഗിച്ച് വാഹന ഉടമയെ കണ്ടുപിടിച്ച്, വാഹന ഉടമയെ കേട്ടും ഉടമയെ ലഭ്യമല്ലാത്ത കേസ്സുകളിൽ പത്രപരസ്യം നൽകിയും ടി വാഹനങ്ങൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടി വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു.

വയനാട് ജില്ലയിൽ പുതുതായി എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ

88 (5493) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിൽ പുതുതായി എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

വയനാട് ജില്ലയിൽ പുതുതായി എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസലുകൾ ഒന്നുംതന്നെ നിലവിലില്ല.

ബാർ ലൈസൻസ് നൽകുന്നതിനുള്ള ശുപാർശ

89 (5494) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ, നീണ്ടകര പഞ്ചായത്തിൽ തീരദേശസംരക്ഷണ നിയമവും, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും പഞ്ചായത്തിന്റെയും, ടൗൺ പ്ലാനിന്റെയും (വിജിലൻസ്) എല്ലാ ഉത്തരവുകളെയും ലംഘിച്ച് നിർമ്മിച്ചതും ഹോട്ടൽ മാനേജ്മെന്റ് സ്കൂൾ നടത്താൻ വേണ്ടിയുള്ള കെട്ടിടം എന്ന് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയതുമായ കെട്ടിടത്തിൽ ബാർ ലൈസൻസ് നൽകാൻ കൊല്ലം ഡെപ്യൂട്ടി കമ്മീഷണറും, കരുനാഗപ്പള്ളി എക്സൈസ് സർക്കിൾ ഇൻസ്പെക്ടറും കൂടി ചേർന്ന് എക്സൈസ് കമ്മീഷണർക്ക് ശുപാർശ ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly